**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5419** **21-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ</td><td colspan="2">ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>എറണാകുളം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>എറണാകുളം ജില്ലയിൽ ചുവടെ ചേർക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
<table>
<tr><th>ക്രമ നമ്പർ</th><th>വർഷം</th><th>ബ്ലോക്ക്</th><th>നടപ്പാക്കിയ ഗ്രാമപഞ്ചായത്ത്</th></tr>
<tr><td>1</td><td>2019-20</td><td>മൂവാറ്റുപുഴ</td><td>കല്ലൂർക്കാട്</td></tr>
<tr><td>2</td><td>2020-21</td><td>നോർത്ത് പറവൂർ</td><td>ചേന്ദമംഗലം</td></tr>
<tr><td>3</td><td>2021-22</td><td>നോർത്ത് പറവൂർ</td><td>കോട്ടുവള്ളി</td></tr>
<tr><td>4</td><td>2022-23</td><td>മൂവാറ്റുപുഴ</td><td>ആലങ്ങാട്</td></tr>
<tr><td>5</td><td>2022-23</td><td>ആലങ്ങാട്</td><td>ആലങ്ങാട്</td></tr>
<tr><td>6</td><td>2024-25</td><td>കൂവപ്പടി</td><td>വേങ്ങൂർ</td></tr>
</table></td></tr>
<tr><td>(ബി)</td><td>വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;</td><td>(ബി)</td><td>ക്ഷീരവികസന വകുപ്പും ഗ്രാമപഞ്ചായത്തുകളും സംയുക്തമായാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നത് എന്നതിനാൽ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് അടുത്ത സാമ്പത്തിക വർഷം 10 ലക്ഷത്തിൽ കുറയാത്ത തുക ടി പദ്ധതിക്കായി നീക്കിവയ്ക്കുന്ന പക്ഷം, പ്രസ്തുത പഞ്ചായത്തിൽ കൂടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?</td><td>(സി)</td><td>ക്ഷീരഗ്രാമം പദ്ധതിക്കായി ഒരു സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപയിൽ കുറയാത്ത പദ്ധതി വിഹിതം നീക്കിവയ്ക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ, തത്തുല്യമായ തുക ക്ഷീരവികസന വകുപ്പും നീക്കിവച്ചാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഉരുക്കളെ വാങ്ങൽ, തീറ്റപ്പുൽ കൃഷി, സബ്സിഡി നിരക്കിൽ വൈക്കോൽ വിതരണം, കാലികൾക്കുള്ള പോഷക വിതരണം തുടങ്ങിയ പദ്ധതികളിലൂടെ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഗുണഭോക്തൃ പഞ്ചായത്തിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ